# വാഴൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം

വാഴൂർ പി.ഒ., കോട്ടയം ജില്ല, പിൻ–686 504

ഫോൺ 0481– 2456226, vazhoorgp@gmail.com

**ISO 9001:2015 CERTIFIED**


JC3-226/24 തീയതി. 15/01/2024

## റിപ്പോർട്ട്

**വിഷയം. നവകേരള സദസ്–വാഴൂർ ഗ്രാമപഞ്ചായത്ത്– ശ്രീ. എം.എൻ മോഹനൻ നായർ, മണ്ണൂക്കുന്നേൽ എന്നയാൾക്ക് കെട്ടിട നമ്പർ അനുവദിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച പരാതി.**

സൂചന. നവകേരള സദസ് മുമ്പാകെ താങ്കൾ സമർപ്പിച്ച അപേക്ഷ.

സൂചന പ്രകാരം ശ്രീ. എം.എൻ മോഹനൻ, മണ്ണൂക്കുന്നേൽ എന്നയാൾ വാഴൂർ ഗ്രാമപഞ്ചായത്ത് 3–ാം വാർഡിൽ 2009 ൽ പണി പൂർത്തീകരിച്ചിട്ടുള്ള 4 നിലകളുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന് താഴത്തെ നിലയൊഴിച്ച് മറ്റൊരു നിലകൾക്കും കെട്ടിട നമ്പർ ലഭിച്ചിട്ടില്ല എന്ന് പരാതി സമർപ്പിച്ചിരിക്കുന്നു. ടി പരാതിയിൽ താഴെപ്പറയുന്ന റിപ്പോർട്ട് സമർപ്പിക്കുന്നു.

വാഴൂർ വില്ലേജിൽ, റീസർവ്വേ നമ്പർ 248/6 ൽ പെട്ട 3 ആർ സ്ഥലത്ത് ശ്രീ. എം എൻ മോഹനൻ, മണ്ണൂക്കുന്നേൽ എന്നയാൾ നാല് നിലകളുള്ള വാണിജ്യകെട്ടിടം നിർമ്മിച്ചിട്ടുള്ളതാണ്. കെട്ടിട നിർമ്മാണ പെർമിറ്റ് വാങ്ങാതെ ടിയാൻ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിലേക്ക് ഈ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നതും, ഇതിന്മേൽ നടത്തിയ പരിശോധനയിൽ ടി ബഹുനില വാണിജ്യകെട്ടിടത്തിന് ആവശ്യമായ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താതെ വന്നതിനാൽ കെട്ടിട നമ്പർ അനുവദിച്ചിട്ടില്ലാത്തതുമാണ്. ദേശീയപാത 183 ൽ കൊടുങ്ങൂർ ജംഗ്ഷനിൽ ദേശീയപാതയിൽ നിന്നും 50 മീറ്റർ വടക്കുവശത്തായി കൊടുങ്ങൂർ–പാലാ റോഡിന് അഭിമുഖമായാണ് ടി കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത്. ഈ ഓഫീസിൽ നിന്നും നടത്തിയ പരിശോധനയിൽ ടി കെട്ടിടത്തിന് 995.42 ച.മീ വിസ്തീർണ്ണമുള്ളതായി കാണുന്നു. 2011 ലെ കേരള പഞ്ചായത്ത്

കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 38 പട്ടിക 4(ബി) പ്രകാരം ടി കെട്ടിടത്തിന് 7 പാർക്കിംഗ് ഏരിയ (99.54 ച.മീ) ആവശ്യമുള്ളതാണ്. എന്നാൽ 2 പാർക്കിംഗ് ഏരിയായിക്കുള്ള (28.5 ച.മീ) സ്ഥലം മാത്രമേ നൽകിയിട്ടുള്ളു. കംപ്ലീഷൻ പ്ലാനിൽ ഗ്രൗണ്ട് ഫ്ളോറിൽ 44.82 ച.മീ സ്ഥലം കെട്ടിടത്തിനുള്ളിൽ പാർക്കിംഗ് ഏരിയായിൽ കാണിച്ചിട്ടുണ്ട്. എങ്കിലും ടി സ്ഥലം പാർക്കിംഗ് ഏരിയായി പരിഗണിക്കാൻ കഴിയുകയില്ല. തന്നെയുമല്ല ടി ചട്ടം 38(8) പ്രകാരം ഏതെങ്കിലും കെട്ടിടങ്ങൾക്ക് ചുറ്റും ഈ ചട്ടങ്ങൾ പ്രകാരം നിർബന്ധമായും വേണ്ട തുറന്ന പ്രദേശങ്ങൾ (Minimum mandatory open space) വിൽക്കുവാനോ, അല്ലെങ്കിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനോ അനുവദിക്കാൻ പാടില്ല എന്നുകൂടി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ചട്ടം 38(2) പ്രകാരം ഇപ്രകാരമുള്ള പാർക്കിംഗ് സ്ഥലം പ്ലോട്ടിനുള്ളിൽതന്നെ ഏർപ്പെടുത്തണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അപ്രകാരം നോക്കുമ്പോൾ ടി കെട്ടിടത്തിന് 99.54 ച.മീ പാർക്കിംഗ് ഏരിയായും, ചട്ടം 27(8) പ്രകാരമുള്ള തുറന്ന സ്ഥലവുംകൂടി ലഭ്യമാക്കേണ്ടതായിട്ടുണ്ട്. എന്നാൽ ആവശ്യമായ പാർക്കിംഗ് സ്ഥലം പ്ലോട്ടിനുള്ളിലോ, പ്ലോട്ടിനോട് ചേർന്നോ ലഭ്യമാകാതെ വന്നതിനാലാണ് കെട്ടിട നമ്പർ അനുവദിക്കാൻ കഴിയാതെ വന്നത്. പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചും, മുകളിൽ പരാമർശിച്ച പ്രകാരം ക്രമവിരുദ്ധമായും ആണ് ടി കെട്ടിടം നിർമ്മിച്ചിരിക്കുന്നത് എന്നതിനാലാണ് ടി കെട്ടിടത്തിന് നമ്പർ അനുവദിക്കാതിരുന്നത് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

ഇപ്രകാരം അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവത്കരിച്ച് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച് ജി.ഒ(എം.എസ്) നമ്പർ 150/2014 / എൽ.എസ്.ജി.ഡി തീയതി 21/08/2014 നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതും, പ്രസ്തുത വിവരം അപേക്ഷകനെ ഈ ഓഫീസിൽ നിന്നും അറിയിച്ചതിൻ പ്രകാരം അപ്രകാരം സർക്കാർ അനുമതിയോടുകൂടി അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷ 18/08/2015 തീയതിയിൽ കോട്ടയം ജില്ല ടൗൺ പ്ലാനർക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിൽ ചില അപാകതകൾ ജില്ലാ ടൗൺ പ്ലാനർ കണ്ടെത്തുകയും, അത് ക്രമപ്പെടുത്തി നൽകാൻ അറിയിപ്പ് ലഭിക്കുകയും ചെയ്തിരുന്നതാണ്. എന്നാൽ പ്രസ്തുത അപാകതകൾ പരിഹരിച്ചുള്ള അപേക്ഷ യഥാസമയം പരാതിക്കാരൻ ഈ ഓഫീസിൽ സമർപ്പിക്കാത്തതിനാൽ അതിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

കെട്ടിട നമ്പർ ലഭിക്കുന്നതിലേക്ക് ശ്രീ. മോഹനൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാൻ മുമ്പാകെ ഒ.പി നം.878/2016 നമ്പറായി കേസ് നൽകുകയും പ്രസ്തുത കേസിൽ ഈ ഓഫീസിൽ നിന്ന് സത്യവാങ്മൂലം സമർപ്പിക്കുകയും ചെയ്തു. എന്നാൽ 18/03/2017 തീയതിയിൽ, പരാതിക്കാരന്റെ കെട്ടിടത്തിന്റെ നമ്പരിടാത്ത ഓരോ മുറിക്കും രണ്ടു മാസത്തിനുള്ളിൽ പ്രത്യേകം പ്രത്യേകം സ്ഥിര നമ്പറുകൾ നൽകണമെന്ന് നിർദ്ദേശിച്ചു കൊണ്ട് ബഹു.ഓംബുഡ്സ്മാൻ ഉത്തരവിടുകയുണ്ടായി. എന്നാൽ കൊടുങ്ങൂർ ജംഗ്ഷനിൽ ദേശീയ പാതയുടെ 50 മീറ്ററിനുള്ളിൽ മതിയായ പാർക്കിംഗ് സൗകര്യമില്ലാത്ത ബഹുനില വാണിജ്യ കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിച്ചാൽ അതു വലിയ ഗതാഗതക്കുരുക്കിന് കാരണമാകുമെന്നതിനാൽ പഞ്ചായത്ത് കമ്മറ്റിയുടെ 16/05/2017 തീയതിയിൽ ചേർന്ന അടിയന്തിര യോഗത്തിൽ 2-ാം നമ്പർ തീരുമാനപ്രകാരം പ്രസ്തുത ഉത്തരവിന് ബഹു. ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങുന്നതിന് തീരുമാനമെടുത്തു. ആയതിന്റെ അടിസ്ഥാനത്തിൽ WP(C)No.19766/2017(U) ആയി കേസ് ഫയൽ ചെയ്യുകയും14/06/2017 തീയതിയിൽ ബഹു. ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഉത്തരവ് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ഇതേത്തുടർന്ന് WP(C)No.40226/2017 നമ്പരായി ശ്രീ. മോഹനൻ, മണ്ണൂക്കുന്നേൽ മുതൽ പേർ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും, ആയതിന് ഈ ഓഫീസിൽ നിന്ന് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട് അക്കൗണ്ടന്റ് ജനറലിന് 10/01/2018 ൽ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി കേസ് ഇപ്പോഴും നിലനിൽക്കുന്നു എന്ന വിവരവും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

ഇതു സംബന്ധിച്ച് കരുതലും കൈത്താങ്ങും-താലൂക്ക്തല അദാലത്തിൽ ഡോക്കറ്റ് No. KTM/0206/A/16289 ആയി ലഭിച്ച പരാതിയിൽ റിപ്പോർട്ട് നൽകിയിട്ടുള്ളതാണെന്ന വിവരം സമർപ്പിച്ചുകൊള്ളുന്നു.

എം. സൗമ്യ,
സെക്രട്ടറി,
വാഴൂർ ഗ്രാമപഞ്ചായത്ത്.

Secretary
Vazhoor Grama Panchayat
Vazhoor P. O., Kottayam

OFFICE OF THE VAZHOOR GRAMA PANCHAYAT
VAZHOOR - 686 504